നമ്പർ:ജി.(1)34949/2008.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 28-07-2008.

## സർക്കുലർ:49/08.

വിഷയം:- സഹകരണ വകുപ്പ് - സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ ഓഹരിയെടുക്കുവാൻ സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09-07-08 ന് ചേർന്ന യോഗതീരുമാനം.
2. സർക്കാരിന്റെ 09-07-08 ലെ സ.ഉ.(സാധാ.) നമ്പർ 437/08 സഹ. നമ്പർ ഉത്തരവ്.

1945, മാർച്ച് 19 ന് രജിസ്റ്റർ ചെയ്യുകയും 1945 ഏപ്രിൽ 30 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത, എഴുത്തുകാരുടെ പുസ്തക പ്രസാധക സംരംഭമായ സാഹിത്യ പ്രവർത്തക സഹകരണസംഘം (എസ്.പി.സി.എസ്.), ഇത്തരത്തിൽ ഏഷ്യയിലെ ഏക കൂട്ടായ്മയാണ്. 62 വർഷത്തിലധികം പുസ്തക പ്രസാധക പ്രസിദ്ധീകരണരംഗത്ത് പരിചയമുള്ള സംഘത്തിന് മലയാള സാഹിത്യ രംഗത്തിന്റെ വളർച്ചയിൽ അവഗണിക്കാൻ കഴിയാത്ത സ്ഥാനമാണുള്ളത്. എന്നാൽ പുസ്തക പ്രസാധക രംഗത്ത് കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ മാന്ദ്യം ഈ മഹത്തായ സഹകരണ സംഘത്തെയും ബാധിക്കുകയും തൽഫലമായി പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തുവെങ്കിലും ഗവൺമെന്റ്/സഹകരണ വകുപ്പ് മുൻകൈയെടുത്ത് ഈ മഹദ് പ്രസ്ഥാനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി വരികയും, അതിനെ തുടർന്ന് പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിച്ച ഓഹരി, ലോൺ, സബ്സിഡി സംബന്ധിച്ച വിനിയോഗം നടന്നു വരുന്നു. സംസ്ഥാനത്തെ 2063 സഹകരണ സംഘങ്ങളിൽ ലൈബ്രറി സ്ഥാപിക്കുകയും ലൈബ്രറികളിലേക്ക് ആവശ്യമായ പുസ്തകങ്ങൾ എസ്.പി.സി.എസ്.-ൽ നിന്നും നൽകുകയും ചെയ്തുവരുന്നു. പൂർണ്ണമായും സഹകരണ വകുപ്പ് മുൻകൈയെടുത്ത് നടത്തുന്ന ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിനും ഇവാല്യുവേറ്റ് ചെയ്യുന്നതിനും സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പുനരുദ്ധാരണവും നിലനിൽപും, കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെകൂടി ചുമതലയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? അക്ഷരങ്ങളെ സ്നേഹിക്കാൻ കേരളീയരെ പഠിപ്പിച്ച സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ നിലനിർത്തുന്നതിനും, പരിപാലിക്കുന്നതിനും പല സഹകരണ സംഘങ്ങളും, സഹകാരികളും മുന്നോട്ടു വരികയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് എസ്.പി.സി.എസ്-ന്റെ ഓഹരി എടുക്കുന്നതിനുള്ള അനുവാദം നൽകുന്നത് അഭികാമ്യമായിരിക്കുമെന്ന് സൂചന (1) പ്രകാരം യോഗം തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനും, സംഘത്തിന്റെ പ്രവർത്തനത്തിൽ സഹകരണ മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്നതിനും ആയതുവഴി സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ ബന്ധപ്പെട്ട സംഘങ്ങളുടെ ബൈലായ്ക്ക് വിധേയമായി ഓഹരിയെടുക്കുന്നതിന് 1969–ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 52(സി) പ്രകാരം അനുവാദം നൽകുന്നു. ഈ വിവരം എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അതാതു ജില്ലയിലെ സംഘങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ്/-
റാണിജോർജ്ജ് ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
3. പ്രസിഡന്റ്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
5. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ.
7. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.